ആരോഗ്യ
കുടുംബക്ഷേമ വകുപ്പ്

# ഗർഭിണിയാണോ?



## അറിയിപ്പ്

ഗർഭിണികളിൽ സിക്ക രോഗം ഉണ്ടായാൽ അത് കുഞ്ഞുങ്ങളിൽ മൈക്രോസെഫാലി (തലയുടെ വലിപ്പം കുറയുക) യ്ക്കും മറ്റ് ജനിതക വൈകല്യങ്ങൾക്കും കാരണമായേക്കാം

**സിക്ക രോഗം തടയാൻ പ്രതിരോധ കുത്തിവയ്പില്ല**

## കൊതുക് കടിയിൽ നിന്നും സുരക്ഷിതരാകൂ



### പകൽ സമയം കൂടുതൽ അപകടകരം

ഡെങ്കി, ചിക്കുൻ ഗുനിയ, സിക്ക ഇവ പരത്തുന്ന ഈഡിസ് കൊതുക് കൂടുതലും പകൽ സമയത്ത് കടിക്കുന്നവയാണ്. എന്നാൽ നല്ല വെളിച്ചമുണ്ടെങ്കിൽ ഇവ രാത്രിയിലും കടിക്കാറുണ്ട്.



### കൊതുകിനെ അകറ്റുന്ന വസ്തുക്കൾ ഉപയോഗിക്കുക

കൊതുക് കടി ഏൽക്കാതിരിക്കാൻ ലേപനങ്ങളും കൊതുകുകളെ അകറ്റുന്ന മറ്റ് വസ്തുക്കളും( കൊതുക് തിരി, കൊതുക് മാറ്റ്, പ്ലഗിൽ കുത്തുന്ന കൊതുക് റിപ്പലന്റ് മുതലായവ) ഉപയോഗിക്കുക




### ശരീരം മൂടുന്ന വസ്ത്രക്കൾ ഉപയോഗിക്കുക

കൈകളും കാലുകളും മുഴുവൻ മൂടുന്ന വസ്ത്രങ്ങൾ ധരിക്കുക. വസ്ത്രത്തിന് പുറത്ത് കാണുന്ന ഭാഗങ്ങളിൽ കൊതുകിനെ അകറ്റുന്ന ലേപനങ്ങൾ ഉപയോഗിക്കുക

കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക
ദിശ : 104, 1056, 0471 2552056

**നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്തം**